**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 567** **11-07-2024 - ൽ മറുപടിയ്ക്ക്**

**നഗര ടൂറിസത്തിന്റെ സാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. എ. രാജ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നഗര വീഥികൾ ടൂറിസം കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ നഗര വീഥികൾ ടൂറിസം കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. തിരുവനന്തപുരത്ത് മാനവീയം വീഥി സ്മാർട്ട് സിറ്റി, കോർപ്പറേഷൻ എന്നിവയുടെ സഹകരണത്തോടെ സാംസ്കാരിക ഇടനാഴിയായി വികസിപ്പിച്ചു. ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ടിന്റെ ഭാഗമായി തലസ്ഥാനത്തെ നഗര വീഥിയിലെ ചരിത്രപ്രാധാന്യമുള്ള തെരഞ്ഞെടുക്കപ്പെട്ട 30 പൈതൃക കെട്ടിടങ്ങൾ മുൻഭാഗം വൈദ്യുത ദീപാലങ്കാര പ്രവൃർത്തികൾ ചെയ്യുന്നതിനായി 35.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 30 പൈതൃക കെട്ടിടങ്ങളെ 5 സോണുകളിലായി തരംതിരിച്ച് പ്രവൃത്തികൾ നടന്നു വരുന്നു. നിലവിൽ 27 പൈതൃക കെട്ടിടങ്ങളുടെ വൈദ്യുത ദീപാലങ്കാര പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.<br><br>കോഴിക്കോട് നഗരത്തിലെ പ്രധാന പൈതൃക കെട്ടിടങ്ങളും ദീപാലംകൃതമാക്കാനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| (ബി) | എങ്കിൽ നിലവിൽ ഇത്തരത്തിൽ വികസിപ്പിച്ചിട്ടുള്ള കേന്ദ്രങ്ങൾ ഏതൊക്കെയാണ്; വിശദവിവരം ലഭ്യമാക്കുമോ; | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |
| (സി) | നഗരങ്ങളിൽ നൈറ്റ് ലൈഫ് ടൂറിസം കേന്ദ്രങ്ങൾ ആരംഭിക്കുന്നതിലെ പുരോഗതി വിശദമാക്കുമോ; ഇത്തരത്തിൽ ഏതൊക്കെ കേന്ദ്രങ്ങളാണ് വികസിപ്പിച്ചിരിക്കുന്നതെന്നും പുതിയ ഏതൊക്കെ കേന്ദ്രങ്ങളാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ; | (സി) | സംസ്ഥാനത്ത് വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം പദ്ധതി തിരുവനന്തപുരം മാനവീയം വീഥിയിൽ ആരംഭിച്ചു. തിരുവനന്തപുരം കനകക്കുന്ന് കൊട്ടാര വളപ്പിൽ രാത്രികാല ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി 2.63 കോടി രൂപയുടെ പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്. കനകക്കുന്നിൽ |

| | | | |
|---|---|---|---|
| | | | ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നൈറ്റ് ടൂറിസം പദ്ധതിയിൽ കേരളത്തിന്റെ പരമ്പരാഗത കലകളും രുചികളും ടൂറിസ്റ്റുകൾക്ക് പരിചയപ്പെടുത്തുവാൻ ഉതകും വിധമുള്ള അടിസ്ഥാന സൗകര്യവികസനമാണ് ഇപ്പോൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്. |
| (ഡി) | തലസ്ഥാന നഗരത്തെ സമാധാന നഗരമാക്കുന്നതിനും ഹെൽത്ത് ടൂറിസം പ്രചരിപ്പിക്കുന്നതിനും പദ്ധതികളുണ്ടോ? | (ഡി) | തലസ്ഥാന നഗരത്തെ സമാധാന നഗരമാക്കുന്നതിനുള്ള പദ്ധതികൾ തദ്ദേശ സ്വയം ഭരണ വകുപ്പിന്റേയും തിരുവനന്തപുരം കോർപ്പറേഷന്റേയും പരിഗണനയിൽ വരുന്ന വിഷയമാണ്. അന്തർദേശീയ തലങ്ങളിൽ ആയുർവ്വേദത്തിന് കേരളത്തിലെ തനത് ഉത്പ്പന്നം എന്ന നിലയിലുള്ള പ്രചരണം നൽകി വരുന്നുണ്ട്. സംസ്ഥാനത്ത് ആയുർവ്വേദ ടൂറിസം പ്രോത്സാഹിപ്പിക്കാനായി ഒരു പ്രത്യേക മാർക്കറ്റിംഗ് ക്യാമ്പയിൻ ടൂറിസം വകുപ്പ് രൂപം നൽകി വരുന്നുണ്ട്. കൂടാതെ അന്താരാഷ്ട്ര ടൂറിസം മേളകളിൽ സംസ്ഥാനത്തെ ആയുർവ്വേദത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട് അത് തുടരും.<br><br>സംസ്ഥാനത്തെ ആയുർവ്വേദ സെന്ററുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സംസ്ഥാന സർക്കാർ വിനോദസഞ്ചാര വകുപ്പ് വഴി ക്ലാസിഫിക്കേഷൻ നടപ്പാക്കിയിട്ടുണ്ട്. സെന്ററുകളുടെ നിലവാരം അനുസരിച്ച് സിൽവർ, ഗോൾഡ്, ഡയമണ്ട് എന്നിങ്ങനെയാണ് ക്ലാസിഫിക്കേഷൻ നടപ്പാക്കിയിട്ടുള്ളത്. ഏറ്റവും മികച്ച സെന്ററുകൾക്ക് ആയുർ ഡയമണ്ട് എന്ന ക്ലാസിഫിക്കേഷൻ നൽകുന്നു. നിലവിൽ 60ഓളം ആയുർവ്വേദ സെന്ററുകൾ സംസ്ഥാനത്ത് ടൂറിസം വകുപ്പ് ക്ലാസിഫൈഡ് ആയുർവ്വേദ സെന്ററുകളായി പ്രവർത്തിച്ചു വരുന്നു. മൂന്നു വർഷമാണ് ക്ലാസിഫിക്കേഷൻ കാലാവധി.<br><br>ക്ലാസിഫിക്കേഷൻ ലഭിക്കുന്ന ആയുർവ്വേദ സെന്ററുകളുടെ വിശദാംശങ്ങൾ ടൂറിസം വകുപ്പിന്റെ ബ്രോഷറുകൾ, വെബ്സൈറ്റ് എന്നിവ വഴി വിനോദസഞ്ചാരികളുടെ അറിവിലേക്കായി പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇതിലൂടെ ടൂറിസം വകുപ്പ് അംഗീകരിച്ച ഗുണനിലവാരമുള്ള ആയുർവ്വേദ ടൂറിസം കേന്ദ്രങ്ങൾ തെരഞ്ഞെടുക്കാൻ വിനോദസഞ്ചാരികൾക്ക് കഴിയുന്നു. |

സെക്ഷൻ ഓഫീസർ